" ഭരണഭാഷ മാതൃഭാഷ "

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള കോഴഞ്ചേരി ഗവ. എച്ച്.എസ്.-ൽ അപകടകരമായി നിൽക്കുന്ന 6 തേക്ക് മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ 2,58,000/- രൂപയുടെ (രണ്ട് ലക്ഷത്തി അമ്പത്തി എണ്ണായിരം രൂപ മാത്രം) ക്വട്ടേഷൻ അംഗീകരിച്ച് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം. 700/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 16/03/2021

---

പരാമർശം: 1. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 30.10.2018 ലെ VI(5) -ാം നമ്പർ തീരുമാനം

2. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 27/11/2018 , 31/01/2019 തീയതികളിലെ എ 2-3267/18 നമ്പർ കത്തുകൾ.

3. പഞ്ചായത്ത് ഡയറക്ടറുടെ 02/04/2019 ലെ PAN/902/2019-C7(DP) നമ്പർ റിപ്പോർട്ട്.

### ഉത്തരവ്

പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള കോഴഞ്ചരി ഗവ എച്ച്.എസ്.-ൽ അപകടകരമായി നിൽക്കുന്ന 6 തേക്ക് മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവാദം നൽകുന്നതിന് ഹെഡ്മിസ്ട്രസ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം വനം വകുപ്പിന്റെ വാല്യുവേഷൻ റിപ്പോർട്ട് വാങ്ങി 3 തവണ ലേലവും ഒരുതവണ ക്വട്ടേഷനും ക്ഷണിച്ചിട്ടും വാല്യുവേഷൻ തുകയായ 4,64,831/- രൂപ (നാല് ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) ലഭിക്കാത്തതിനാൽ ജില്ലാ പഞ്ചായത്തിൽ വെച്ച് പുനർലേലം നടത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു ടി ലേലത്തിൽ ഒരാൾ മാത്രം പങ്കെടുത്തതിനാൽ ലേലം നടന്നിരുന്നില്ല. തുടർന്ന് 10.08.2018 ലെ ജനറൽ കമ്മിറ്റി തീരുമാന പ്രകാരം പരസ്യം നൽകി നിയമാനുസൃത ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ടി ലേലത്തിൽ ശ്രീ. അജിനാസ് കെ.എ., റോഷൻ ടിമ്പേഴ്സ്, കുടല്ലൂർകാല, ഏറ്റുമാനൂർ എന്നയാൾ ക്വോട്ട് ചെയ്ത 2,58,000/- (രണ്ട് ലക്ഷത്തി അമ്പത്തിഎണ്ണായിരം രൂപ മാത്രം) ആയിരുന്നു ഉയർന്ന ക്വട്ടേഷൻ.

2) ടി തുക വാല്യുവേഷൻ തുകയെക്കാൾ കുറഞ്ഞ തുകയായതിനാൽ ആയതിന് അനുവാദം നൽകണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സ്പഷ്ടീകരണം വാങ്ങാൻ പരാമർശം (1) പ്രകാരം തീരുമാനമെടുത്തിരുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായപ്രകാരം വാല്യുവേഷൻ തുകയെക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ചുനൽകുന്നതിന് സർക്കാരിൽ നിന്നും അനുവാദം വാങ്ങുവാൻ പരാമർശം (2) പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

3) ടി വിഷയത്തിൽ പരാമർശം (3) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചിരുന്നു. തുടർച്ചയായി ലേലം നടത്തിയിട്ടും നടപടി സ്വീകരിക്കാൻ

കഴിയാതെ വരുന്ന അവസ്ഥയും , ലേലനടത്തിപ്പിന് വേണ്ടി വരുന്ന ധനനഷ്ടം , സമയനഷ്ടം എന്നിവ പരിഗണിച്ചും ഇനിയും ടി വിഷയത്തിൽ ലേലം നടത്തിയാൽ തുക വീണ്ടും കുറയാനുള്ള സാധ്യത പരിഗണിച്ചും ടി വൃക്ഷങ്ങൾ വളരെ അപകടകരമായ അവസ്ഥയിൽ സ്ഥിതി ചെയ്യുന്നു എന്ന അവസ്ഥ പരിഗണിച്ചും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശ പരിഗണിക്കാവുന്നതാണെന്ന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം 1 പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള ശിപാർശ പരിഗണിച്ചും ടി വൃക്ഷങ്ങൾ വളരെ അപകടകരമായ അവസ്ഥയിൽ സ്ഥിതി ചെയ്യുന്നു എന്ന സാഹചര്യം കണക്കിലെടുത്തും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പരിധിയിലുള്ള കോഴഞ്ചേരി ഗവ. എച്ച്.എസ്-ൽ അപകടകരമായി നിൽക്കുന്ന 6 തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തിയ 2,58,000/- രൂപയുടെ (രണ്ട് ലക്ഷത്തി അമ്പത്തിഎണ്ണായിരം രൂപ മാത്രം) ക്വട്ടേഷൻ അംഗീകരിച്ച് നൽകുന്നതിന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി , ജില്ലാ പഞ്ചായത്ത് പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , പത്തനംതിട്ട.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/2/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Bindu.T

സെക്ഷൻ ഓഫീസർ